"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2020-21 വാർഷിക പദ്ധതി - കോവിഡ് പ്രതിരോധത്തിന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തിര പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1382/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/07/2020

---

പരാമർശം:- 1 16/07/2020ലെ സ.ഉ.(സാധാ)നം. 1364/2020/തസ്വഭവ

**ഉത്തരവ്**

കോവിഡ് 19-ന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വ പരമായ പങ്കാണ് നിർവഹിക്കുന്നത്. പ്രാദേശിക തലത്തിൽ സൗകര്യങ്ങളും ഏകോപനവും ഉറപ്പ വരുത്തുന്നതിലും തങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ സ്തുത്യർഹമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. രോഗ പ്രതിരോധ പ്രവർത്തനത്തിന്റേയും 'ബ്രേക്ക് ദി ചെയിൻ' കാമ്പയിന്റെയും മൂന്നാം ഘട്ടത്തി ലേയ്ക്ക് കടക്കുന്ന ഈ അവസരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടപ്പാ ക്കുന്ന പ്രവർത്തനങ്ങൾക്ക് അധിക വിഹിതം ലഭ്യമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. അതോടൊപ്പം പ്രോജക്റ്റുകളുടെ സുഗമമായ നിർവഹണം സാധ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ടെന്നും സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

**2. അടിയന്തിര പ്രാധാന്യത്തോടെ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് അനുമതി**

2.1 ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

i. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC) സ്ഥാപിക്കുകയും അതിന്റെ പരിപാലനവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ - മരാമത്ത് പ്രവൃത്തികൾ, സാധന-സാമഗ്രികൾ വാങ്ങൽ, മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, താൽക്കാലികമായി നിയോഗിക്കുന്നവർക്ക് വേതനം നൽകൽ, ഭക്ഷണം ലഭ്യമാക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി ഇത്തരം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ (എന്നാൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ഉള്ള ചുമതല ഏതെങ്കിലും ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിനോട് അനുബന്ധിച്ചാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകുന്നതെങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്).

ii. കോവിഡ് കെയർ സെന്ററുകൾ (CCC), ഇൻസ്റ്റിട്യൂഷണൽ ക്വാറന്റയിൻ സെന്ററുകൾ (IQC) മുതലായ കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിപാലിക്കൽ

iii. ശുചീകരണ പ്രവർത്തനങ്ങൾ, പൊതു സ്ഥലങ്ങൾ അണുവിമുക്തമാക്കൽ തുടങ്ങിയവ
iv. കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ്
v. വാർഡ്തല സമിതികളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ (വിവര -വിനിമയ-വിജ്ഞാന പ്രവർത്തനങ്ങൾ, ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ പ്രവർത്തനങ്ങൾ തുടങ്ങിയവ)
vi. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തങ്ങൾ (കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ താമസത്തിനും യാത്രക്കും ഉള്ള ചെലവുകൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താൽക്കാലികമായി നിയോഗിക്കുന്നവർക്കുള്ള വേതനം തുടങ്ങിയവ)
vii. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ (മരുന്നുകൾ വാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ മുതലായവ). കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപങ്ങൾക്ക് മരുന്നുകളും ഉപകരണങ്ങളും ആവശ്യമായി വരികയാണെങ്കിൽ അവ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഈ മാർഗരേഖ പ്രകാരം ബന്ധപ്പെട്ട ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്.
viii. സർക്കാർ നിർദേശ പ്രകാരം കോവിഡ് പ്രതിരോധവമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ടി വരുന്ന മറ്റ് പ്രവർത്തനങ്ങൾ

2.2 ഭരണസമിതി യോഗം ചേർന്ന് പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനം എടുക്കേണ്ടതാണ്. കണ്ടെയിന്റ്മെന്റ് സോണുകൾ ഉൾപ്പെടെ യോഗങ്ങൾ ചേരുന്നതിന് നിയന്ത്രണം ഉള്ള സ്ഥലങ്ങളിൽ സ്റ്റിയറിംഗ് കമ്മിറ്റി വിളിച്ചുചേർത്ത് തീരുമാനങ്ങൾ എടുക്കാവുന്നതാണ്. എന്നാൽ തുടർന്ന് ഈ തീരുമാനങ്ങൾ ആദ്യം ചേരുന്ന ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ഓൺലൈൻ ആയും യോഗങ്ങൾ ചേരാവുന്നതാണ്.

2.3 പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിലെ ‘അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ’ (Special Projects) എന്ന സൗകര്യം ഉപയോഗിക്കാവുന്നതാണ്. പ്രോജക്ടുകൾക്ക് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന എന്നീ സ്രോതസ്സുകളിലെ ഫണ്ടുകൾ വകയിരുത്താവുന്നതാണ്. പൊതുവിഭാഗം സാധാരണ വിഹിതത്തിൽ ഇപ്പോൾ ലഭ്യമായ ഫണ്ടിന് ഉപരിയായി (വാലിഡേഷന് പുറത്ത്) കോവിഡ് പ്രതിരോധനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

2.4 കഴിവതും ഖണ്ഡിക 2.1 ൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ഇനത്തിനും ഉള്ളിൽ വരുന്ന എല്ലാപ്രവർത്തനങ്ങളും ചേർന്ന് ഒറ്റ പ്രോജക്ടായി തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ അത് പ്രത്യേകം പ്രോജക്ടായി തയ്യാറാക്കാവുന്നതാണ്. പ്രോജക്ടുകളുടെ പേരിനൊപ്പം 'കോവിഡ് പ്രതിരോധപ്രവർത്തനം' എന്നു കൂടി ചേർക്കേണ്ടതാണ്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിർബന്ധിത ഇനങ്ങൾ (Mandatory fields) മാത്രം പൂരിപ്പിച്ചാൽ മതിയാകും. മറ്റുള്ളവ പൂരിപ്പിക്കണമെന്ന് നിർബന്ധമില്ല. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് നിർബന്ധിത ഇനങ്ങൾ സോഫ്റ്റ് വെയറിൽ പരമാവധി ചുരുക്കിയിട്ടുണ്ട്.

2.5 ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ തന്നെ താഴെപ്പറയും പ്രകാരം പ്രോജക്ടുകളുടെ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. കോവിഡ് രോഗബാധയുമായി ബന്ധപ്പെട്ട സാഹചര്യം മെച്ചപ്പെടുമ്പോൾ, ഈ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് നടപടി ഉത്തരവിന്റെ (DPC Proceedings) ഭാഗമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

2.6. പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. ഖണ്ഡിക 2.1 ലെ (i)

മുതൽ (vi) വരെയുള്ള പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ആയിരിക്കും. നഗരസഭകളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് ഇൻസ്പെക്ടർ/ സെക്രട്ടറിയും, വെറ്റിംഗ് ഓഫീസർ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറും ആയിരിക്കും. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ബ്ലോക്ക് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആയിരിക്കും. ജില്ലാ പഞ്ചായത്തിൽ യഥാക്രമം സെക്രട്ടറിയും പഞ്ചായത്ത് ഡയറക്ടറും ആയിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലേക്ക് കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസറും, ഇതുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവൃത്തികൾ ആവശ്യമായി വരികയാണെങ്കിൽ അതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട എഞ്ചിനീയറും ആയിരിക്കും.

2.7 സാങ്കേതികാനുമതി ആവശ്യമായ പ്രവൃത്തികൾ പ്രത്യേക പ്രോജക്ടായി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് ഓൺലൈനായി വെറ്റിംഗ് ഓഫീസർക്ക് അയച്ച് സാങ്കേതികാനുമതി വാങ്ങാവുന്നതാണ്. പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വെറ്റിംഗ് ഓഫീസറിൽ നിന്നും സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങാവുന്നതാണ്.

2.8 പ്രോജക്ടുകൾ സാഹചര്യം ആവശ്യപ്പെടുന്നതനുസരിച്ച് ഭേദഗതി ചെയ്യാവുന്നതും, വെറ്റിംഗ് ഓഫീസറിൽ നിന്നും പുതുക്കിയ അനുമതി വാങ്ങാവുന്നതുമാണ്. ഭേദഗതി ചെയ്യുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല.

2.9 വെറ്റിംഗ് ഓഫീസർമാർ പ്രോജക്ടുകളുടെ അംഗീകാര നടപടികൾ 24 മണിക്കൂറിനകം പൂർത്തിയാക്കി നൽകേണ്ടതാണ്.

2.10 കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രോജക്ടുകൾ മാത്രമേ ഈ മാർഗരേഖ അനുവദിക്കുന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇക്കാര്യം സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

**3. അധിക വിഹിതം**

3.1 ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഉണ്ടാകുന്ന യഥാർത്ഥ ചെലവുകൾക്കുള്ള തുക സർക്കാർ പിന്നീട് പ്രത്യേകം അനുവദിക്കുന്നതാണ്. ഇതിന് താഴെപ്പറയുന്ന രീതി അവലംബിക്കുന്നതാണ്.

3.2 ആദ്യം പൊതുവിഭാഗം സാധാരണ ഫണ്ടിന്റെ (Normal Share under General Sector fund) നടപ്പുവർഷത്തെ ബജറ്റ് വിഹിതം ഉപയോഗിച്ച് ബില്ലുകൾ മാറി നൽകണം. ഒപ്പം, തനത് ഫണ്ടും സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകയും വിനിയോഗിക്കാവുന്നതാണ്. തുടർന്ന്, ഇങ്ങനെ ചെലവഴിക്കുന്ന തുകയിൽ, സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ ഫണ്ടിൽ (എസ്.ഡി.ആർ.എഫ്) നിന്നും അനുവദനീയമായ പ്രോജക്ടുകൾക്കുള്ള തുക പ്രസ്തുത ഫണ്ടിൽ നിന്നും റീ ഇംബേഴ്സ്മെന്റ് ആയി നൽകുന്നതാണ്. എസ്.ഡി.ആർ.എഫിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും ഉൾപ്പെടെ ഇതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. എസ്.ഡി.ആർ.എഫ്- ൽ അനുവദനീയമായ ഇനങ്ങൾ ഏതൊക്കെയെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നതും സംബന്ധിച്ച സർക്കുലർ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിക്കുന്ന താണ്. വികസനഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് കഴിയുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ (എസ്.ഡി.ആർ.എഫ്) നിന്നും അനുവദിക്കുന്ന തുകയ്ക്കും സംഭാവന ഇനത്തിൽ ചെലവഴിക്കുന്ന തുകയ്ക്കും ഉപരിയായി വരുന്ന തുക അധിക വിഹിതമായി അനുവദിക്കുന്നതാണ്.

3.3 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകയും എസ്. ഡി.ആർ.എഫ്-ൽ നിന്നും ലഭിക്കുന്ന തുകയും നിക്ഷേപിച്ച് വിനിയോഗിക്കുന്നതിന് ഗ്രാമ പഞ്ചായത്ത്

/നഗരസഭാ സെക്രട്ടറിയുടെ പേരിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ഉള്ള ചുമതല ഏതെങ്കിലും ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിനോട് അനുബന്ധിച്ചാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകുന്നതെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിനും ഇത്തരത്തിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കാവുന്നതാണ്.

3.5 സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ ഫണ്ടിൽ നിന്നും റീ ഇംബേഴ്സ്മെന്റ് ആയി അനുവദിക്കുന്ന തുകയും, പൊതുവിഭാഗം സാധാരണ വിഹിതത്തിൽ അനുവദിക്കുന്ന അധിക തുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് വികസന പ്രോജക്ടുകൾക്ക് ഉപയോഗിക്കാവുന്നതാണ്. ഈ രീതിയിൽ അധിക തുക ലഭിക്കുമ്പോൾ നിലവിലുള്ള പ്രോജക്ടുകളുടെ ഫണ്ട് സ്രോതസ്സ് മാറ്റി ഉൾപ്പെടുത്തുന്നതിനുള്ള അനുവാദം നൽകുന്നതാണ്.

3.6 കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി എസ്.ഡി.ആർ.എഫിൽ നിന്നും അഡ്വാൻസ് ആയി തുക ലഭിക്കുകയാണെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. ഈ തുക തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ല. പരാമർശത്തിലെ ഉത്തരവ് പ്രകാരം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ നടത്തിപ്പിന് രൂപീകരിക്കുന്ന മാനേജ്മെന്റ് കമ്മിറ്റി തീരുമാന പ്രകാരം, എസ്.ഡി.ആർ.എഫ് ന്റെ മാർഗ്ഗരേഖ അനുസരിച്ച് അനുവദനീയമായ ആവശ്യങ്ങൾക്ക് ഈ തുക വിനിയോഗിക്കാവുന്നതും വിനിയോഗത്തിന്റെ വിശദാംശങ്ങൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (ഡി.ഡി.എം.എ) ആവശ്യപ്പെടുന്ന രേഖകൾ സഹിതം, ഡി.ഡി.എം.എക്ക് നൽകേണ്ടതുമാണ്.

3.7 കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ നടത്തിപ്പിനായി രൂപികരിക്കുന്ന മാനേജ്മെന്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷന്റേയും നോഡൽ ഓഫീസറുടേയും പേരിൽ ആരംഭിക്കുന്ന സംയുക്ത ബാങ്ക് അക്കൗണ്ട്, തദ്ദേശഭരണസ്ഥാപനത്തിൽ നിന്നോ എസ്.ഡി.ആർ.എഫിൽ നിന്നോ അഡ്വാൻസ് ആയി ലഭിക്കുന്ന തുക നിക്ഷേപിച്ച് വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക ഖണ്ഡിക 3.4 പ്രകാരം ആരംഭിക്കുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇതിനകം ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള സംഭാവന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റേണ്ടതില്ല. അത് മാനേജ്മെന്റ് കമ്മിറ്റി തീരുമാന പ്രകാരം വിനിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
6. എല്ലാ ജില്ലാകളക്ടർമാർക്കും
7. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
8. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
9. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

11. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
14. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
15. ധനകാര്യ വകുപ്പ് (20.07.2020-ലെ ധനകാര്യ വകുപ്പിന്റെ കുറിപ്പ്)
16. ദുരന്ത നിവാരണ വകുപ്പ്
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മേൽ ഉത്തരവിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്.)
18. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്